LIBRARY ARCHIVES Kerala Legislative Assembly

മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ എണ്ണം

135 [3144] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ എണ്ണം സംബന്ധിച്ച് സർക്കാർ ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് വാഹനങ്ങളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവും മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ എണ്ണവും താരതമ്യം ചെയ്യുമോ;

(സി) പ്രസ്തുത വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾപോലും ഒഴിഞ്ഞു കിടക്കുകയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതും ഉള്ള തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതും വകുപ്പിലെ അഴിമതിക്കുള്ള കാരണങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണെന്ന കാര്യം പരിശോധിക്കുമോ;

(ഇ) കേരളത്തിലെ മോട്ടോർ വാഹന വകുപ്പിൽ ആവശ്യാനുസരണം ജീവനക്കാരെ നിയമിക്കാനും അഴിമതിയില്ലായ്മയും കാര്യക്ഷമവുമായ നിലയിൽ വകുപ്പിനെ മാറ്റിയെടുക്കാനും സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2000-ൽ പി. ആന്റ് എ. ആർ. ഡി. ഇതു സംബന്ധിച്ച് വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ട്.

(ബി) 1993-94-ൽ മോട്ടോർ വാഹന വകുപ്പിൽ 1353 ജീവനക്കാരാണ് ഉണ്ടായിരുന്നത്. 2003-2004-ൽ അത് 1742 ആയി. 1993-94-ൽ മൊത്തം വാഹനങ്ങളുടെ എണ്ണം 1,005,922 ആയിരുന്നത് 2003-2004-ൽ 2,832,872 ആയി വർദ്ധിച്ചു. വകുപ്പിൽ സേവനകാര്യങ്ങൾക്ക് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതുകൊണ്ട് വാഹനങ്ങളുടെ എണ്ണവും ജീവനക്കാരുടെ എണ്ണവും താരതമ്യം ചെയ്യേണ്ട ആവശ്യമില്ല.

(സി) ഉണ്ട്. ഒഴിവുള്ള തസ്തികകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) നിലവിലുള്ള ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണെന്നുള്ളതുമാത്രം അഴിമതിക്ക് കാരണമല്ല.

(ഇ) ആവശ്യത്തിനുള്ള ജീവനക്കാർ വകുപ്പിനുണ്ട്. അഴിമതി തടയുന്നതിനായി വകുപ്പിൽ പോലീസ് ഡി.ഐ.ജി. റാങ്കിലുള്ള ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ വിജിലൻസ് സെൽ നിലവിലുണ്ട്. പൊതുജനങ്ങൾക്ക് യഥാസമയം സേവനങ്ങൾ ലഭ്യമാക്കാൻവേണ്ടി എല്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് "FAST" സമ്പ്രദായം ഏർപ്പെടുത്തുന്നതിനുവേണ്ട നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്.